**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4086** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ. ലെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2024 ഏപ്രിൽ മുതൽ പ്രസന്റ് പേ ഇനത്തിൽ ഉൾക്കൊള്ളാത്ത കെ.എം.എസ്.സി.എൽ. ലെ 77 ജീവനക്കാർക്ക് ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 07.03.2024 ലെ സ.ഉ.(കൈ) നം.52/2024 ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം അനധികൃതമായി വർദ്ധിപ്പിച്ച ശമ്പളം നൽകിയ സാഹചര്യവും മാനദണ്ഡവും വ്യക്തമാക്കുമോ; പ്രസ്തുത നടപടികളുടെ രേഖകളുടെ പകർപ്പ് നൽകുമോ; | (എ) | 15.12.2022-ലെ സ.ഉ(കൈ)നം.285/2022 ഉത്തവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷനിലെ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും ദിവസവേതന വ്യവസ്ഥയിലുള്ള 40ജീവനക്കാരുടെയും വേതനം പരിഷ്കരിച്ചു നൽകിയിരുന്നു. മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകാത്ത 9 തസ്തികകളിലെ 77 ജീവനക്കാരുടെ വേതനം പരിഷികരിക്കുന്നതിനായി 28.01.2023 തീയതിയിലെ 71.06 നമ്പർ ഡയറക്ടർ ബോർഡ് യോഗ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും 07.03.2024 ലെ സ.ഉ.(കൈ) നം.52/2024 പ്രകാരം കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയും ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം IIആയും ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളും സംവരണവും പാലിക്കാതെ നിയമിച്ച 77 ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് പ്രകാരം ശമ്പളം നൽകിയ മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) | 15.12.2022-ലെ സ.ഉ(കൈ)നം.285/2022 ഉത്തവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷനിലെ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും ദിവസവേതന വ്യവസ്ഥയിലുള്ള 40ജീവനക്കാരുടെയും വേതനം പരിഷ്കരിച്ചു നൽകിയിരുന്നു. മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകാത്ത 9 തസ്തികകളിലെ 77 ജീവനക്കാരുടെ വേതനം പരിഷികരിക്കുന്നതിനായി 28.01.2023 തീയതിയിലെ 71.06 നമ്പർ ഡയറക്ടർ ബോർഡ് യോഗ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും 07.03.2024 ലെ സ.ഉ.(കൈ) നം.52/2024 പ്രകാരം കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയും |

| | | | |
|---|---|---|---|
| | | | ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം IIആയും ചേർക്കുന്നു. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം അനധികൃതമായി ശമ്പളം നൽകിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും നൽകുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്ക് എതിരെ നാളിതുവരെ വകുപ്പുതല നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം നൽകിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ ശമ്പള ബിൽ സർക്കാരിൽ സമർപ്പിച്ചതിൽ കെ.എം.എസ്.സി.എൽ. ന് അപാകതയുണ്ടായിരുന്നിട്ടും ശമ്പളബിൽ തയ്യാറാക്കിയ ജീവനക്കാരുടെ മേൽ നാളിതുവരെ വകുപ്പുതല നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ശമ്പള ഫയൽ തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും നൽകുമോ; | (ഡി) | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം നൽകിയിട്ടുള്ളത്. |
| (ഇ) | ശമ്പള അവലോകന സമിതി കോർപ്പറേഷൻ രൂപീകരിച്ചതിന് ശേഷമുള്ള സമിതിയുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത സമിതി ജീവനക്കാരുടെ നിയമനങ്ങളെ കുറിച്ച് കണ്ടെത്തിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | 07.03.2024 ലെ സ.ഉ.(കൈ)നം.52/2024 പ്രകാരം കരാർ ജീവനക്കാർക്ക് അനുവദിച്ച പരിഷ്കരിച്ച വേതനം അപര്യാപ്തമാണെന്ന ജീവനക്കാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ 18.03.2024 തീയതിയിലെ മാനേജിംഗ് ഡയറക്ടറുടെ കെ.എം.എസ്.സി.എൽ/എച്ച്.ആർ/ 579/2017 എന്ന ഉത്തരവിൻ പ്രകാരം ആയത് പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുകയും 04.04.2024ൽ പ്രസ്തുത സമിതി യോഗം ചേരുകയും പരാതികൾ കേട്ട് തയ്യാറാക്കിയ റിപ്പോർട്ട് അടുത്ത ഭരണ സമിതിയുടെ യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയുമാണ്.<br>ജീവനക്കാരുടെ നിയമനങ്ങൾ സംബന്ധിച്ച വിഷയം പ്രസ്തുത സമിതിയുടെ പരിഗണനയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതും വേതന പരിഷ്കരണം ലഭിക്കാത്തതുമായ 9 തസ്തികകളിലെ 77 ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.52/2024/H&FWD തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം. 62/2018/ആ.കു.വ. തീയതി 24.04.2018
2. സ.ഉ.(കൈ) നം. 285/2022/ആ.കു.വ. തീയതി 15.12.2022
3. കേരള മെഡിക്കൽ സെർവിസ്സ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 25.02.2023, 27.04.2023 എന്നീ തിയതികളിലെകെ.എം.എസ്സ്.സി.എൽ./HR/579/2017 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരംകേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും ദിവസ വേതന വ്യവസ്ഥയിലുള്ള 40 ജീവനക്കാരുടെയും വേതനം പരിഷ്കരിച്ചു നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം സൂപ്പർ-വൈസറി സ്വഭാവമുള്ള ഡെപ്യൂട്ടി മാനേജർ, അസിസ്റ്റൻറ് വെയർഹൗസ് മാനേജർ, അസിസ്റ്റൻറ് മാനേജർ മുതലായ തസ്തികകളിലുള്ളവരുടെ ശമ്പളം പരിഷ്കരിച്ച് നൽകിയിരുന്നില്ല. ടി തസ്തികകളിലുൾ പ്പെട്ട 7 7 ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് 28/01/2023 തീയതിയിൽ ചേർന്ന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗം അനുമതി നൽകുകയും അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവിസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ടി ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതും വേതന പരിഷ്കരണം ലഭിക്കാത്തതുമായ 9 തസ്തികകളിലെ 77 ജീവനക്കാരുടെ വേതനം ചുവടെ ചേർക്കുന്ന പ്രകാരം പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **Sl. No** | **Name of Post** | **No. of Posts** | **Present pay** | **Revised Pay** |
|---|---|---|---|---|
| 1 | Deputy Manager | 8 | 39,850<br>47,820<br>43,830 | 51,000 |
| 2 | Assistant Manager | 35 | 21,000<br>25,860<br>30,550<br>31,880 | 32,000 |
| 3 | Sr. Assistant Warehouse Manager | 6 | 24,150<br>27,770<br>30,550 | 32,000 |
| 4 | Asst. Warehouse Manager | 18 | 21,840<br>23,860<br>24,860<br>24,150 | 28,000 |
| 5 | QC Assistant | 3 | 16,540 | 18,000 |
| 6 | Pharmacy Assistant | 4 | 11,810 | 18,000 |
| 7 | Tapal Assistant | 1 | 18,200 | 21,000 |

| | | | | |
|---|---|---|---|---|
| 8 | PA to MD | 1 | 23,910 | 28,000 |
| 9 | PA to Chairman | 1 | 23,910 | 28,000 |

<u>പൊതു നിബന്ധനകൾ</u>

1. വേതന വർദ്ധനവ് 15/12/2022 തിയ്യതി മുതൽ പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്

2. കരാർ/ദിവസ വേതന നിയമങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ നിബന്ധനകൾ പൂർണ്ണമായും പാലിച്ച് മാത്രമേ കെ.എം.എസ്.സി.എൽ താല്ക്കാലിക നിയമനങ്ങൾ നടത്താൻ പാടുള്ളൂ

3. സർക്കാറിന്റെ മുൻകൂർ അനുമതി കൂടാതെ കരാർ ജീവനക്കാർക്ക് യാതൊരുവിധ പ്രത്യേക ആനുകൂല്യങ്ങളും അനുവദിക്കാൻ പാടില്ല.

4. സർക്കാറിന്റെ മുൻകൂർ അനുമതി കൂടാതെ പുതിയ തസ്തികകൾ സൃഷ്ടിച്ച് കരാർ നിയമനം നടത്താൻ പാടുള്ളതല്ല.

5. കരാർ കാലാവധി പൂർത്തിയാക്കിയതിന് ശേഷം ഒരു നിശ്ചിത ഇടവേള(കുറഞ്ഞത് ഒന്നോ രണ്ടോ ദിവസം) നല്കി മാത്രമേ കരാർ പുതുക്കി നല്കാൻ പാടുള്ളൂ

6. കരാർ പുതുക്കുന്നതിന് Performance appraisal നിർബന്ധമാക്കേണ്ടതാണ്.

7. ശമ്പള പരിഷ്കരണം മൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷൻ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്,

തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കാണ്ടന്റ് (എ&ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ പി.യു.(ബി) വകുപ്പ് (26.02.2024 തീയതിയിലെ PU-B1/60/2023-FIN(E 2455927

പ്രകാരം.)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.2103)

വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

| Sl. No. | Name of Post | Qualification | No. of Posts | Present wages | Proposed wages | Additional Financial Commitment |
|---|---|---|---|---|---|---|
| 4. | Asst. Warehouse Manager | D.Pharm | 18 | 21,840<br>23,860<br>24,860<br>24,150 | 36,000 | 26,07,480 |
| 5. | QC Assistant | Plus two Degree | 3 | 16,540 | 21,175 | 1,47,240 |
| 6. | Pharmacy Assistant | Plus Two Degree | 4 | 11,810 | 21,175 | 4,49,520 |
| 7. | Tapal Assistant | Plus Two | 1 | 18,200 | 21,175 | 35,700 |
| 8. | PA to MD | SSLC, Office Automation, Typewriting Eng | 1 | 23,910 | 28,100 | 50,280 |
| 9. | PA to Chairman | BA, Typing Higher, Shorthand, Computer Data Entry | 1 | 23,910 | 28,100 | 50,280 |
| | Total | | | | | 1,50,78,900 |

***Resolution No.71.06***

*As per G.O. (Ms) No.285/2022/H&FWD dated : 15.12.2022 wages of pharmacists, Data Entry Operators, Assistants, Drivers, CA to General Manager etc., have been revised. However wages of certain posts like Deputy Manager, Assistant Manager, Assistant Warehouse Manager etc., have not been revised in the above G.O., as these posts are currently not available in the Government Departments and hence wages of these posts have not been fixed by Govt. But due to revision of wages for the majority of staff in KMSCL have been implemented by the above G.O., there exists disparity in the wage rates in staff especially among supervisory posts. Hence displeasure is mounting day by day within the staff group due to this disparity in wage structure. Hence a proposal for revision of wages of contract staff who are not covered under the above G.O. was placed before the Board of Directors for approval.*

**Dr. CHITHRA. S IAS**
Managing Director,
Kerala Medical Services Corporation Ltd.

**TINKU BISWAL IAS**
Chairman, KMSCL &
Principal Secretary to Government,
Health & Family Welfare Department.

**(71st Meeting of the BoD of KMSCL on 28.01.2023)**



File No. HEALTH-B3/77/2023-HEALTH (Computer No. 2372187)